LIBRARY ARCHIVES Kerala Legislative Assembly

പെരുവണ്ണാമൂഴി ഡാമിലെ വെള്ളം ഉപയോഗിച്ച് ജപ്പാൻ കുടിവെള്ള പദ്ധതി

224 (2779) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരുവണ്ണാമൂഴി ഡാമിലെ വെള്ളം ഉപയോഗിച്ചുകൊണ്ട് നടപ്പാക്കുന്ന ജപ്പാൻകുടിവെള്ള പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) പദ്ധതിക്കുവേണ്ടി ഇതുവരെ എത്ര രൂപ ചെലവഴിച്ചു എന്ന് വിശദാംശം ലഭ്യമാക്കുമോ ;

(സി) പ്രവൃത്തി പൂർത്തിയാക്കി കുടിവെള്ളം ലഭ്യമാക്കാൻ ഇനി എന്തൊക്കെ കാര്യങ്ങൾ ചെയ്യണമെന്നും പ്രവൃത്തി എപ്പോൾ തീരുമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) പെരുവണ്ണാമൂഴി ഡാമിലെ വെള്ളം ഉപയോഗിച്ചുകൊണ്ട് ജിക്ക ധനസഹായത്തോടെ കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതിയുടെ ജലം ശേഖരിക്കുന്നതിനുള്ള ഇൻടേക്ക് കിണറിന്റെ പ്രവൃത്തി 99% പൂർത്തീകരിച്ചു. വെള്ളം എടുക്കുവാനുള്ള 6 പമ്പുകൾ സ്ഥാപിച്ചു. അവ ഓരോന്നായി പ്രവർത്തിപ്പിച്ചു ട്രയൽ റൺ ആരംഭിച്ചു. 174 എം.എൽ.ഡി. ശേഷിയുള്ള ജലം ശുദ്ധീകരണ ശാലയുടെ പ്രവൃത്തി 95% പൂർത്തീകരിച്ചു. 123 കി.മീ. ദൂരം വരുന്ന ട്രാൻസ്മിഷൻ മെയിനിന്റെ പ്രവൃത്തി 99% പൂർത്തീകരിച്ചു. പദ്ധതിക്കായി പണിയേണ്ട 20 റിസർവോയറിൽ 17 എണ്ണത്തിന്റെ പ്രവൃത്തി പൂർത്തീകരിച്ചു. ശേഷിക്കുന്ന 3 എണ്ണത്തിന്റെ പ്രവൃത്തി നടന്നുവരുന്നു. 1850 കി.മീ. വരുന്ന വിതരണശൃംഖലയുടെ 65% പൂർത്തീകരിച്ചു. നിലവിലുള്ള കോഴിക്കോട് നഗര ശുദ്ധജല പദ്ധതിയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. മൊത്തത്തിൽ കോഴിക്കോട് ജിക്ക ശുദ്ധ ജലവിതരണ പദ്ധതിയുടെ പ്രവർത്തികൾ 85 ശതമാനം പൂർത്തീകരിച്ചു. പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്യുന്നതിനുള്ള പ്രീ-കമ്മീഷനിംഗ് പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) പദ്ധതിക്കുവേണ്ടി ഇതുവരെ 655.86 കോടി രൂപ ചെലവഴിച്ച വിശദാംശങ്ങൾ താഴെ നൽകുന്നു :

പാക്കേജ് നമ്പർ	ഇതുവരെ ചെലവായ തുക (കോടി രൂപയിൽ)
I. ഇൻടേക്ക് വെൽ, ജലശുദ്ധീകരണശാല	102.09
II. ട്രാൻസ്മിഷൻ മെയിൻ IIA,IIB	301.16
III. വിതരണ ശൃംഖല	127.67
IV. ജലസംഭരണികൾ	56.48
V. കോഴിക്കോട് ജലവിതരണത്തിന്റെ പുനരുദ്ധാരണ പണികൾ	19.19
വിവിധ പ്രോജക്ട് ഓഫീസുകളിൽ ഡയറക്ട് പേയ്മെന്റായി കെ.എസ്.ഇ.ബി., പി.ഡബ്ല്യു.ഡി. എന്നിവിടങ്ങളിൽ ഒടുക്കുന്നതിന് നൽകിയത്	49.27
ആകെ	655.86

(സി) ശുദ്ധീകരണശാലയിലെ പൂർത്തീകരിച്ച വിവിധ ഘട്ടങ്ങൾ 123 കി.മീ. ട്രാൻസ്മിഷൻ മെയിൻ, പൂർത്തീകരിച്ച 17 റിസർവോയർ എന്നിവ വെള്ളം ഉപയോഗിച്ച് യഥാവിധം ഫ്ലഷ് ചെയ്ത് ക്ലോറിനേറ്റ് ചെയ്ത് വിതരണത്തിന് സജ്ജമാക്കേണ്ടതായിട്ടുണ്ട്. കാക്കൂർ, തലക്കുളത്തൂർ, നരിക്കുനി എന്നിവിടങ്ങളിലെ റിസർവോയറുകളുടെ പ്രവൃത്തി പൂർത്തീകരിച്ച് മേൽപറഞ്ഞരീതിയിൽ സജ്ജമാക്കേണ്ടതായിട്ടുണ്ട്. കൂടാതെ, കടലുണ്ടി, ചേളന്നൂർ, എന്നീ റിസർവോയറിൽ വെള്ളമെത്തിക്കുന്ന ട്രാൻസ്മിഷൻ മെയിനിന്റെ പ്രവൃത്തി പൂർത്തീകരിക്കാനുണ്ട്. ശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ച് ജൂൺ 2015-ൽ പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്യുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly